## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നംപർ: 3457

25/06/2012 – ൽ മറുപടിയ്ക്ക്

### ദൃശ്യമാധ്യമ പ്രവർത്തകർ ജയിലുകളിൽ പ്രവേശിച്ചത് സംബന്ധിച്ച്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന ആഭ്യന്തരമന്ത്രി സംസ്ഥാനത്തെ ജയിലുകൾ സന്ദർശിക്കുമ്പോൾ പത്ര-ദൃശ്യമാധ്യമ പ്രവർത്തകരെ ഒപ്പം കൂട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ജയിലുകൾ പ്രത്യേക സുരക്ഷാ മേഖലയായി പ്രഖ്യാപിക്കപ്പെട്ട നിയമം നിലനിൽക്കെ ജയിൽ നിയമവും, ചട്ടവും ലംഘിച്ച് , ദൃശ്യമാധ്യമ പ്രവർത്തകരെ മന്ത്രിക്കൊപ്പം ജയിലിൽ പ്രവേശിപ്പിച്ചത് വീഴ്ചയായി കരുതുന്നുണ്ടോ ; വിശദമാക്കുമോ ; | (ബി) കേരളത്തിലെ ജയിൽ ചട്ടങ്ങൾ റൂൾ 19 അനുസരിച്ച് മന്ത്രിമാർ, ജയിൽ ഡയറക്ടർ ജനറൽ, ജയിൽ സൂപ്രണ്ട് എന്നിവരോടൊപ്പം അനുഗമിക്കുമ്പോഴോ, ചീഫ് സെക്രട്ടറി, ജയിൽ ഡയറക്ടർ ജനറൽ എന്നിവരുടെ രേഖാമൂലമുള്ള അനുമതിയോടുകൂടിയോ അല്ലാതെ ജയിൽ ഉദ്യോഗസ്ഥർ, ഔദ്യോഗിക, അനൗദ്യോഗിക സന്ദർശകർ, സ്ഥലത്തെ ചീഫ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ അവരുടെ ഡ്യൂട്ടിയുടെ ഭാഗമായോ അല്ലാതെ മറ്റാരേയും ജയിലിൽ പ്രവേശിപ്പിക്കരുതെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. അതിനാൽ ഇത് വീഴ്ചയായി കരുതുന്നില്ല. |
| (സി) പ്രസ്തുത വിഷയം പരിശോധിച്ച് നടപടികൾ സ്വീകരിക്കുമോ ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ